റോഡ്സ് ആൻറ് ബ്രിഡ്ജസ് ഡെവലപ്പ്മെൻറ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്
(ഒരു കേരള സർക്കാർ സംരംഭം)
രണ്ടാം നില, പ്രീതി ബിൽഡിംഗ്, എം.വി. റോഡ്, പാലാരിവട്ടം, കൊച്ചി – 682 025
ഫോൺ: (484)2338205, 2338206, ഫാക്സ്: 2533294 വെബ്സൈറ്റ്: www.rbdck.com
E-mail:- rbdckltd@gmail.com

**ദർഘാസ് പരസ്യം**

Quotation No. RBDCK/T 63/Vol II/ 97/2021

കണ്ണൂർ ജില്ലയിലെ തലശ്ശേരി മുൻസിപ്പാലിറ്റിയിലെ നിർദ്ദിഷ്ട കൊടുവള്ളി റെയിൽവെ മേൽപ്പാലത്തിന്റെ അലൈൻമെന്റിൽ നിൽക്കുന്ന (നമ്പറിട്ട) എല്ലാ മരങ്ങളും മുറിച്ചു കൊണ്ടുപോകുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചുകൊള്ളുന്നു.

| | | |
|---|---|---|
| 1. | മരത്തിന്റെ ഉദ്ദേശ വില (നികുതി ഉൾപ്പെടെ) | : 61,511/- |
| 2. | നീക്കം ചെയ്യുന്നതിനുള്ള സമയപരിധി | : 20 ദിവസം |
| 3. | ക്വട്ടേഷൻ ഫോറത്തിൻെറ വിൽപ്പന | : 17.04.2021 , 10:00 AM to 23.04.2021 3:00 PM |
| 4. | ക്വട്ടേഷൻ ഫോറം സമർപ്പിക്കേണ്ട അവസാന തീയ്യതിയും സമയവും | : 24.04.2021 (സമയം 11:00 AM മണി വരെ) |
| 5. | ക്വട്ടേഷൻ സമർപ്പിക്കേണ്ട സ്ഥലം | : ആർ.ബി.ഡി.സി.കെ ആഫീസ് |
| 6. | ക്വട്ടേഷൻ തുറക്കുന്ന തീയതിയും സമയവും | : 24.04.2021 (സമയം 03.00 മണി) |

കൂടുതൽ വിവരങ്ങൾക്കും നിബന്ധനകൾക്കും ആർ.ബി.ഡി.സി.കെ ഓഫീസുമായി ബന്ധപ്പെടുക.

ഫോൺ : 0484 2338205

Sd/-
ജനറൽ മാനേജർ
ആർ.ബി.ഡി.സി.കെ

തീയ്യതി: 17.04.2021

**റോഡ്സ് ആൻറ് ബ്രിഡ്ജസ് ഡെവലപ്പ്മെൻറ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്**
(ഒരു കേരള സർക്കാർ സംരംഭം)
രണ്ടാം നില, പ്രീതി ബിൽഡിംഗ്, എം.വി. റോഡ്, പാലാരിവട്ടം, കൊച്ചി – 682 025
ഫോൺ: (484)2338205, 2338206, ഫാക്സ്: 2533294 വെബ്സൈറ്റ്: www.rbdck.com
E-mail:- rbdckltd@gmail.com

## ക്വട്ടേഷൻ സമർപ്പിക്കുന്നവർക്കുള്ള നിർദ്ദേശങ്ങൾ

1. ആർ.ബി.ഡി.സി.കെ ലിമിറ്റഡിൻെറ കൊച്ചി പാലാരിവട്ടത്തുള്ള ആഫീസിൽ നിന്നും ആർ.ബി.ഡി.സി.കെ ലിമിറ്റഡിൻെറ വെബ്സൈറ്റിൽ (www.rbdck.com) നിന്നും ക്വട്ടേഷൻ ഫോം ലഭിക്കുന്നതാണ്.

2. കൂടുതൽ വിവരങ്ങൾ അറിയുന്നതിന് പ്രവൃത്തി ദിവസങ്ങളിൽ 10.00 മണി മുതൽ 4.00 മണി വരെ ആർ.ബി.ഡി.സി.കെ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.

3. ക്വട്ടേഷനിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ പ്രൈസ് ബിഡ് പൂരിപ്പിച്ച് ഒപ്പിട്ട് ഫോട്ടോ തിരിച്ചറിയൽ കാർഡിൻെറ കോപ്പിയും ചേർത്ത് മുദ്രവെച്ച കവറിൽ സമർപ്പിക്കേണ്ടതാണ്.

4. മുദ്രവച്ച ക്വട്ടേഷനുകൾ 24.04.2021 11 മണി വരെ ആർ.ബി.ഡി.സി.കെ.–യുടെ ആഫീസിൽ സ്വീകരിക്കുന്നതാണ്.

5. നിബന്ധനകൾ പാലിക്കാത്തതും നിർദ്ദിഷ്ട ദിവസത്തിനും സമയത്തിനും ശേഷം ലഭിക്കുന്നതും ബിഡ്ഡേർസ് ഒപ്പിടാത്തതും ഏതെങ്കിലും രീതിയിൽ പൂർണ്ണമല്ലാത്തതുമായ ക്വട്ടേഷനുകൾ യാതൊരു കാരണവും പറയാതെ തള്ളിക്കളയുന്നതാണ്.

6. Quote ചെയ്യുന്ന തുക GST ഉൾപ്പടെ ആയിരിക്കണം.

7. <u>നടപടി ക്രമം</u>

   ആർ.ബി.ഡി.സി.കെ. ഓഫീസിൽ വച്ച് നിർദ്ദിഷ്ട ദിവസത്തിലും സമയത്തും മുദ്ര വച്ച കവറിലുള്ള പൂരിപ്പിച്ച ക്വട്ടേഷനുകൾ തുറക്കുന്നതായിരിക്കും. മേൽ തീയതി എന്തെങ്കിലും വിധത്തിൽ അവധിയായാൽ തൊട്ടെടുത്ത പ്രവൃത്തി ദിവസം ക്വട്ടേഷനുകൾ കുറക്കുന്നതായിരിക്കും. ഏറ്റവും ഉയർന്ന തുക വാഗ്ദാനം ചെയ്യുന്ന ആളെയായിരിക്കും വിജയി ആയി കണക്കാക്കുക.

8. വിജയിക്കുന്നയാൾ ടെണ്ടർ തുകയും മേൽത്തുകയുടെ 10% അധിക തുകയും മേൽ നടപടികൾ പൂർത്തീകരിച്ച് നിർദ്ദേശിക്കുന്നതനുസരിച്ച് അടക്കേണ്ടതാണ്. 10% അധികത്തുക പദ്ധതി സ്ഥലത്തു നിന്നും സമയപരിധിക്കുള്ളിൽ മരങ്ങൾ മുറിച്ചു നീക്കിയ ശേഷം തിരികെ നൽകുന്നതാണ്. മരങ്ങൾ സമയപരിധിക്കുള്ളിൽ മുറിച്ചു നീക്കം ചെയ്തില്ലെങ്കിൽ അതിനുശേഷമുള്ള ഓരോ ദിവസത്തിനും മേൽത്തുകയുടെ 10% വച്ച് കുറവ് ചെയ്യുന്നതും അത് പരമാവധി 5 ദിവസം മാത്രമായിരിക്കുകയും ചെയ്യും. മേൽ പറഞ്ഞ പരമാവധി ദിവസം ആകുമ്പോൾ ബാക്കി തുക കണ്ടുകെട്ടുന്നതും മേൽ പ്രവൃത്തി വേറൊരു ഏജൻസിയെക്കൊണ്ട് നടപ്പാക്കുന്നതാണ്.

9. പൂർണ്ണമായ അടങ്കൽത്തുകയും 10% അധികത്തുകയും അടക്കുന്നതനോടെ അപ്പോൾ മുതൽ മേൽ മരങ്ങളുടെ ഉടമസ്ഥാവകാശവും സംരക്ഷണ ചുമതലയും കരാറുകാരനിൽ നിക്ഷിപ്തമാകുന്നതാണ്. അഗ്നിബാധ, കാറ്റ് അല്ലെങ്കിൽ മറ്റേതെങ്കിലും അപ്രതീക്ഷിത ദുരന്തങ്ങൾ ഉണ്ടായാലും അതിൻമേൽ യാതൊരുവിധ ഉത്തരവാദിത്വങ്ങളും ആർ.ബി.ഡി.സി.കെ. ഏറ്റെടുക്കുന്നതല്ല. കരാറുകാരൻ മേൽത്തുകയിൽ യാതൊരുവിധ അവകാശങ്ങളും ഉന്നയിക്കാൻ പാടില്ലാത്തതുമാകുന്നു.

10. മരം മുറിക്കുന്ന സന്ദർഭത്തിൽ, റോഡ് യാത്രക്കാരുടെയും വാഹനങ്ങളുടെയും സുരക്ഷയ്ക്ക് വേണ്ടിയുള്ള എല്ലാ മുൻകരുതൽ നടപടികളും ലേലം കൈക്കൊള്ളുന്നയാൾ സ്വന്തം ചിലവിൽ നിർവ്വഹിക്കേണ്ടതാണ്.

11. കരാർ ഉറപ്പിച്ച് 20 ദിവസത്തിനകം മരം ആർ.ബി.ഡി.സി.കെ. ലിമിറ്റഡിനോ പരിസരവാസികളുടെ വസ്തുവകകൾക്കോ യാതൊരുവിധ നാശനഷ്ടങ്ങളും ഉണ്ടാക്കാതെ മുറിക്കേണ്ടതാണ്.

12. മരം മുറിക്കുന്ന പ്രവർത്തിക്കായി നിയോഗിക്കുന്ന തൊഴിലാളികളുടെ സുരക്ഷയുടെ പൂർണ്ണ ഉത്തരവാദിത്വം ലേലം കൈകൊള്ളുന്നയാൾക്കായിരിക്കും. അവർക്കാവശ്യമുള്ള ഇൻഷുറൻസ് പരിരക്ഷ നിർബന്ധമായും എടുക്കേണ്ടതാണ്.

13. കാരണമൊന്നും കാണിയ്ക്കാതെ ക്വട്ടേഷനുകൾ ഏതെങ്കിലുമോ എല്ലാം തന്നെയോ തള്ളിക്കളയുന്നതിന് ആർ.ബി.ഡി.സി.കെ. മാനേജിംഗ് ഡയറക്ടർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

14. **മേൽപ്പറഞ്ഞ നിബന്ധനകൾ അനുസരിക്കുന്നതിന് ബിഡ്ഡർക്ക് ബാധ്യത ഉണ്ടായിരിക്കുന്നതും അതിനുള്ള സമ്മതം എന്ന നിലയിൽ ബിഡ്ഡർ ഈ ക്വട്ടേഷൻ ഫോമിൻെറ എല്ലാ പേജുകളിലും ഒപ്പിടേണ്ടതുമായിരിക്കും.**

(ഒപ്പ്)

(പേര്, മേൽ വിലാസം, ടെലഫോൺ നമ്പർ ഉൾപ്പെടെ)

സ്ഥലം :

തീയതി :

**റോഡ്സ് ആൻറ് ബ്രിഡ്ജസ് ഡെവലപ്പ്മെൻറ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്**
(ഒരു കേരള സർക്കാർ സംരംഭം)
രണ്ടാം നില, പ്രീതി ബിൽഡിംഗ്, എം.വി. റോഡ്, പാലാരിവട്ടം, കൊച്ചി – 682 025
ഫോൺ: (484)2338205, 2338206, ഫാക്സ്: 2533294 വെബ്സൈറ്റ്: www.rbdck.com
E-mail:- rbdckltd@gmail.com

## പ്രൈസ് ബിഡ്

| ക്രമ നം. | വിവരണം | തുക (in Rs) |
|---|---|---|
| 1 | കണ്ണൂർ ജില്ലയിലെ തലശ്ശേരി മുൻസിപ്പാലിറ്റിയിലെ നിർദ്ദിഷ്ട കൊടുവള്ളി റെയിൽവെ മേൽപ്പാലത്തിന്റെ അലൈൻമെന്റിൽ നിൽക്കുന്ന (നമ്പറിട്ട) എല്ലാ മരങ്ങളും മുറിച്ചു കൊണ്ടുപോകുന്നതിന് ആർ.ബി.ഡി.സി.കെ.യിൽ നൽകുന്ന ക്വട്ടേഷൻ തുക (എല്ലാ നികുതിയും ഉൾപ്പെടെ) | |

തുക അക്ഷരത്തിൽ ........................................................................................................................ രൂപ

(കരാറുകാരൻെറ ഒപ്പ്)
(പൂർണ്ണപേരും വിലാസവും ഫോൺ നമ്പർ ഉൾപ്പെടെ)

സ്ഥലം:

തീയ്യതി: